# ശബരിമല വാർത്താക്കുറിപ്പ്

# 12.12.2024

### മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## സ്വാമീസ് എഐ ചാറ്റ് ബോട്ട് ഉപയോക്താക്കൾ 1.25 ലക്ഷം കവിഞ്ഞു

ശബരിമല തീർഥാടകർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പത്തനംതിട്ട ജില്ലാ ഭരണകൂടം സജ്ജമാക്കിയ എഐ ചാറ്റ് ബോട്ട് ഇതുവരെ 1,25,0551 ഉപയോഗിച്ചു. ഇതുവരെ മൂവായിരത്തോളം അത്യാഹിത കേസുകളിലും എഐ ചാറ്റ് ബോട്ടിലൂടെ ഇടപെടൽ നടത്തി. ദിനംപ്രതി പതിനായിരത്തോളം പേരാണ് വാട്ട്സാപ് അധിഷ്ഠിതമായ സ്വാമീസ് ചാറ്റ് ബോട്ട് ഉപയോഗിക്കുന്നത്.

ശബരിമലയിലെ തത്സമയ വിവരങ്ങൾ ചാറ്റ്ബോട്ടിൽ ആറ് വ്യത്യസ്ത ഭാഷകളിൽ ലഭ്യമാണ്. തീർത്ഥാടകർക്ക് 6238008000 എന്ന വാട്ട്സ്ആപ്പ് നമ്പറിലേക്ക് 'ഹായ്' അയച്ചും ക്യു.ആർ കോഡ് സ്കാൻ ചെയ്തും സ്വാമീസ് ചാറ്റ് ബോട്ട് ഉപയോഗിക്കാം. ഇഷ്ടമുള്ള ഭാഷ, ഭക്ഷണ ചാർട്ടുകൾ, കെഎസ്ആർടിസി ബസ് സമയങ്ങൾ, കാലാവസ്ഥാ അപ്ഡേറ്റുകൾ, ക്ഷേത്രസേവനങ്ങൾ, താമസ ബുക്കിംഗ് തുടങ്ങിയ വിവരങ്ങൾ സ്വാമീസ് എഐ ചാറ്റ് ബോട്ടിൽ ലഭിക്കും